# ഇനി കണ്ടലുകൾ വെട്ടാൻ വരുന്നവന്റെ കൈകൾ നമുക്ക് വെട്ടണം - കല്ലേൻ പൊക്കുടൻ

യേശുദാസ് വരാപ്പുഴ



**അസാധാരണമായ** പ്രകൃതിഭംഗിയും ജൈവ വൈവിധ്യവും കൊണ്ട് പേരുകേട്ട വളന്തക്കാട് ദ്വീപിൽ, എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് ശോഭാഗ്രൂപ്പ് നിർമ്മിക്കുവാൻ പോകുന്ന ഹൈടെക്ക് സിറ്റിക്കെതിരെ പ്രചരണവുമായി കണ്ടൽ ക്കാടുകളുടെ സംരക്ഷകനും, പ്രമുഖ പരിസ്ഥിതി പ്രവർത്ത കനുമായ കല്ലേൻ പൊക്കുടൻ വളന്തക്കാട് ദ്വീപ് സന്ദർശിച്ചു.

ജലാശയത്തിലൂടെ വഞ്ചിയാത്ര നടത്തി ദ്വീപിലെ ജൈവപ്രാധാന്യം അദ്ദേഹം നേരിട്ട് മനസ്സിലാക്കി. ഉപ്പൂട്ടി കണ്ടൽ, വള്ളികണ്ടൽ, ചെറുകണ്ടൽ, ചക്കരകണ്ടൽ, ചുള്ളികണ്ടൽ എന്നീ അത്യപൂർവ്വമായ കണ്ടലുകളേയും, ദേശാടന പക്ഷികളേയും, ജലജീവികളേയും അദ്ദേഹം കൂടെയുണ്ടായിരുന്ന പരിസ്ഥിതി പ്രവർത്തകർക്ക് പരിചയപ്പെടുത്തി. ശോഭഗ്രൂപ്പിന്റെ തെമ്മാടികൾ വെട്ടിയും, തീയിട്ടും നശിപ്പിച്ച കണ്ടലുകൾ കണ്ടപ്പോൾ ഇനി കണ്ടലുകൾ വെട്ടാൻ വരുന്നവന്റെ കൈകൾ നമുക്ക് വെട്ടണം. പൊക്കുടൻ രോഷത്തോടെ ആഹ്വാനം ചെയ്ത് ഏവരിലും ആവേശമുണർത്തി.

മരുന്നുകൾ, ഭക്ഷണങ്ങൾ, ആഭരണങ്ങൾ എന്നിവ കണ്ടലുകളിൽ നിന്ന് ഉണ്ടാക്കിയും, കൃഷിചെയ്തും, മീൻ പിടിച്ചും ഇവിടത്തെ ദളിത് വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ജീവിക്കാൻ വേണ്ട പ്രകൃതി വിഭവങ്ങൾ ഈ ദ്വീപിൽ തന്നെയുള്ളപ്പോൾ ഹൈടെക്ക് സിറ്റിയെന്ന പ്രകൃതി വിരുദ്ധ വികസനത്തിനെതിരെ ഞാൻ വ്യവസായ മന്ത്രിക്ക് കത്തെഴുതും എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം കേട്ട് ജനങ്ങൾ കരഘോഷം മുഴക്കി.

ശക്തമായ കാറ്റും, മഴയും അവഗണിച്ച് സ്ത്രീകളും കുട്ടികളും വൃദ്ധരുമടങ്ങുന്ന നൂറുകണക്കിന് ആളുകൾ രാവിലെ തന്നെ പൊക്കുടനെ സ്വീകരിക്കുവാൻ എത്തിയിരുന്നു. പരിസ്ഥിതി - സാസ്ക്കാരിക പ്രവർത്തകരായ സി.ആർ.നീലകണ്ഠൻ, യേശുദാസ് വരാപ്പുഴ, പുരുഷൻ ഏലൂർ, സി.എ.വിജയചന്ദ്രൻ, ഫാ. പ്രശാന്ത്, എം.എൻ.ഗിരി. എന്നിവരും വളന്തക്കാട് സംരക്ഷണ സമിതി പ്രവർത്തകരും ഒപ്പം ഉണ്ടായിരുന്നു.

എന്തു വിലകൊടുത്തും വളന്തക്കാട് ദ്വീപിനെ സംരക്ഷിക്കുവാൻ ഞാനും നിങ്ങളോടൊപ്പമുണ്ടാകുമെന്ന് അദ്ദേഹം ജനങ്ങൾക്ക് ഉറപ്പ് നൽകി.

*പെരിയാർ മലിനീകരണ സമിതി, ജനജാഗ്രത, ഏലൂർ ഡിപ്പോ, ഉദ്യോഗമണ്ഡൽ, എറണാകുളം*

16-9-2007, കണ്ണൂർ

**ബഹുമാനപ്പെട്ട വ്യവസായ മന്ത്രി എളമരം കരീം സാറ് അറിയുന്നതിന്,**

എന്തെന്നാൽ ഞാൻ എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിലെ വളന്തക്കാട് ദ്വീപിലെ കണ്ടൽക്കാടുകളും ജലാശയങ്ങളും കണ്ട് ഇഷ്ടപ്പെട്ടു. പരിസ്ഥിതി പഠനത്തിൽ പറയുന്ന എല്ലാ ഗുണങ്ങളും, എല്ലാ ജനങ്ങളുമുള്ളതും, കർഷക തൊഴിലാളികളും, മത്സ്യ തൊഴിലാളികളുമുള്ളതുമായ ഒരു കൊച്ചു കേരളമാണ് ഈ ദ്വീപെന്ന് പറയാം. ശോഭാ ഡവലപ്പേഴ്സ് ഇവിടെ കുറേ സ്ഥലം വാങ്ങുകയും, ഗുണ്ടകളെ കൊണ്ടു വന്ന് കണ്ടൽ വെട്ടുകയും, തീയിടുകയും ചെയ്തു. ജനങ്ങൾക്ക് എല്ലാ സൗകര്യങ്ങളും തരാമെന്ന് പറഞ്ഞ് അവിടെയുള്ള ദളിത് വർഗ്ഗത്തിൽപ്പെട്ട കർഷകരേയും, മത്സ്യതൊഴിലാളികളേയും ഭീഷണിപ്പെടുത്തി. കണ്ണൂർ ജില്ല കഴിഞ്ഞാൽ ഈ പറയുന്ന സ്ഥലത്താണ് ഏറ്റവും കൂടുതൽ കണ്ടലുകളും, ദേശാടനപക്ഷികളും, മത്സ്യങ്ങളും തങ്ങിപ്പാർക്കുന്നത്. കേരളത്തിന്റെ വികസനത്തിന് ഞാൻ എതിരല്ല. വികസനം വിനാശമായാൽ നമുക്കിവിടെ ജീവിക്കുവാൻ സാധിക്കുകയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് സാധാരണ തൊഴിലാളികൾക്ക് ബുദ്ധിമുട്ടു വരാതെ നോക്കേണ്ടത് വ്യവസായ വകുപ്പ് മന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും കടമയാണ്.

ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളുടെ 48(എ) വകുപ്പ് പ്രകാരം പരിസ്ഥിതി സംരക്ഷിച്ച് വനങ്ങളേയും വന്യജീവികളേയും കാത്തുസംരക്ഷിച്ച് നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാറുകൾ നിറവേറ്റുന്നതാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാതെ നിലനിർത്തി എല്ലാ ജീവജാലങ്ങളോടും ദയാലുക്കളായി വനങ്ങളേയും പുഴകളേയും തടാകങ്ങളേയും സംരക്ഷിച്ച് നിലനിർത്തുക എന്നത് ഓരോ പൗരന്റേയും കടമയാണെന്ന് ഭരണഘടനയുടെ 51(എ) ഊന്നിപ്പറയുന്നുണ്ട്.

വളന്തക്കാട് ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ നിയമവിരുദ്ധവും, പ്രകൃതിവിരുദ്ധവുമാണ്. ഗവൺമെന്റ് ഇതിൽ നിന്ന് പിൻമാറണം. വിനാശകരമായ വികസനത്തെ തടയുന്നതിനുവേണ്ടി എന്തു വിലകൊടുത്തും ഞാനും ഇവിടത്തെ പാവപ്പെട്ട ജനങ്ങൾക്കൊപ്പമുണ്ടാകും

എന്ന്,
അഭിവാദനങ്ങളോടെ
**കല്ലേൻ പൊക്കുടൻ**, മീനാക്ഷിനിലയം, പെങ്ങൽ,
മുട്ടുകണ്ടി പി.ഒ., പഴയങ്ങാടി, കണ്ണൂർ - 670 303
ഫോൺ : 0497 - 2874346

## വളന്തക്കാട് സമരോത്സവം

ഭൂമിയും ജീവിതവും ഭാവിയും സംരക്ഷിക്കാൻ വളന്തക്കാട് ദ്വീപുകാരും സാമൂഹിക പ്രവർത്തകരും രംഗത്ത്. കലാപരിപാടികൾ, ഫോട്ടോ പ്രദർശനങ്ങൾ, യോഗങ്ങൾ.
ബന്ധപ്പെടുക : യേശുദാസ്, 9846441262